

little KITEs
a venture by
Little Kites
GVHSS VENGARA
high
light
Digital Magazine

# G.V.H.S.S VENGARA



## ഉള്ളടക്കം


.....5
സ്കൂളിനെ കുറിച്ച്.....8
പീലിയുടെ സ്വപ്നം.....9
നിത്യ വസന്തം.....11
വായന.....12
കാട്ടുപൂവ്.....13
ലഹരി.....16
സ്ത്രീ.....17
ബുദ്ധിമാനായ കുറുക്കൻ.....20
CITY OF PALACES.....21
അഴക നിറഞ്ഞ പ്രകൃതി.....22
ദേശീയ പതാക.....23
കുമാരനാശാൻ.....24
ജ്ഞാനം.....26
അമ്മ.....27
ലഹരി.....29
മരിക്കുന്ന മലയാളം.....30
മലിനമായ പ്രകൃതി.....31
ഒരു◌ുമയില്ലുണർന്ന കേരളം.....34
മരത്തെ സ്നേഹിച്ച പെൺകുട്ടി.....37
അമ്മ.....39
ജീവിതം സാക്ഷി.....41
വേടനും കിളിയും.....44
മാതാപിതാക്കളോടുള്ള സ്നേഹം.....45

*ഈ വിദ്യാലയത്തിലെ കുട്ടികളുടെയും അധ്യാപകരുടെയും സൃഷ്ടികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുകയാണ്. ഒരു പുതിയ സംരംഭമായതിനാൽ ധാരാളം പരിമിതികൾ ഉണ്ടെന്നറിയാം. എന്നാലും പരമാവധി മികച്ചതാക്കാൻ ശ്രമിച്ചിട്ടുണ്ട്. സദയം സ്വീകരിക്കുക.*

# ആശംസ

*വേങ്ങര ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്. മാഗസിൻ തയ്യാറാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, അതിനു നേതൃത്വം നൽകിയ അദ്ധ്യാപകർക്കും എന്റെ ഹൃദയം നിറഞ്ഞ വിജയാശംസകൾ.........*



*PK HEMARAJAN(Headmaster)*

*ഹേമരാജൻ.പി.കെ*
*ഹെഡ്മാസ്റ്റർ*
*ജി.വി.എച്ച്.എസ്.എസ്. വേങ്ങര*

# ആശംസ



വേങ്ങര ജി.വി.എച്ച്.എസ്.എസ്,ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും സ്നേഹം നിറഞ്ഞ അനുമോദനങ്ങൾ

രാമൻ സി
സീനിയർ അസിസ്റ്റന്റ്

# EDITORIAL BOARD

**chief editor**
hemarajan .pk, headmaster

**staff editors**
k mohamed aslam, kp leena

**student editor**
rohith vijay .vk

**editorial board**
neethu.t
unaisudheen.p
fathima sana.a.p
mohammed ramshad.e.k
shamna.c
mohammed shuhaib.p
diya femin.p
adil amaz.p
basweerath.p.k.m
basima.k.k
vida latheef.c
shahana.p
shanmuga sundaram.g
fathima jasna .m
fasna.kt

## സ്കൂളിനെ കുറിച്ച്...

വേങ്ങര നഗരത്തിനോട് ചേർന്ന് ഊരകം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് **ജി. വി. എച്ച്. എസ്.എസ്. വേങ്ങര**. ബോയ്സ് സ്കൂൾ എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്. 1957-ൽ സ്ഥാപിച്ച ഈ വിദ്യാലയം പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്. 1957 ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. ഹൈസ്കൂൾ കമ്മിറ്റിയുടെ ആദ്യ പ്രസിഡണ്ട് ശ്രീ ചാക്കീരി അഹമ്മദ് കുട്ടി സാഹിബും സെക്രട്ടറി ശ്രീ മൊയ്തീൻകുട്ടി മാസ്റ്ററും ആയിരിന്നു.കെട്ടിടത്തിനുള്ള സ്ഥലം നൽകിയത് അഡ്വക്കറ്റ് കെ. മുഹമ്മദ് നഹ സാഹിബ് ആയിരുന്നു ആദ്യ സമിതി പിരിച്ചുവിട്ട ശേഷം ശ്രീ കുഞ്ഞിരാമൻ വൈദ്യർ പ്രസിഡണ്ടായുള്ള സമിതി കെട്ടിട നിർമ്മാണം ഏറ്റെടുത്തു.ശ്രീ. ടി.കെ മുഹമ്മദിന്റെ നേതൃത്വത്തിൽ നാട്ടുകാരുടെയും ശ്രീ കുഞ്ഞാലൻ മാസ്റ്ററുടെ നേതൃത്വത്തിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹകരണത്തോടെ കെട്ടിട നിർമ്മാണം പൂർത്തിയായി.

ശ്രീ. കെ.ജി. രാഘവൻ മാസ്റ്റർ ആയിരുണ ആദ്യ പ്രധാന അദ്ധ്യാപകൻ. 1965-ൽ ആണ് SSLC പരീക്ഷാസെന്റർ അനുവദിച്ചത്. 1996 ൽ ശ്രീ എ.കെ.സി.മുഹമ്മദ് ഹെഡ് മാസ്റ്ററായിരിക്കെ വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം ആരംഭിച്ചു. 2004 ൽ ശ്രീ കെ.ജി. വാസു പ്രിൻസിപ്പലായിരിക്കെ ഹയർസെക്കണ്ടറി വിഭാഗം ആരംഭിച്ചു ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും യു.പി. വിഭാഗത്തിനും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. ഹൈസ്കൂൾ ലാബിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. വിശാലമായ സ്മാർട്ട് ക്ളാസ് റൂം സൗകര്യം ഉണ്ട്. ശ്രീ അബ്ദുൾസമദ്സമദാനി(എം.പി.)യുടെ ഫണ്ടിൽ നിന്ന് ലഭിച്ച ലൈബ്രറി കെട്ടിടത്തിൽ 10000-ൽ അധികം പുസ്തകങ്ങളും റീഡിംഗ് റൂം സൗകര്യവുമുണ്ട്. വിവിധ തരം ക്ലബ്ബുകൾ ഞങ്ങളുടെ സ്കൂളിലുണ്ട്.

## പീലിയുടെ സ്വപ്നം

ബസ്വീറത്ത് പി കെ എം, 9A



അതിമനോഹരമായ മന്ദാരം കുന്നിലെ താഴ്‌വാരത്ത് കൂടി കളം കളം ശബ്ദത്തോടെ ഒഴുകുന്ന ഒരു തടാകമുണ്ടായിരുന്നു .ചെറുതും വലുതുമായ ധാരാളം മത്സ്യങ്ങൾ ഉണ്ടായിരുന്നു ആ തടാകത്തിൽ. അവയിൽ ഏറ്റവും വണ്ണം കൂടിയ മീനായിരുന്നു പീലി. ഈ മീനിന് മറ്റു മീനുകൾ തടിയൻ പീലി എന്നുവിളിച്ച് പരിഹസിക്കുമായിരുന്നു. പാവം പീലിക്ക് വളരെ സങ്കടമായിരുന്നു. തടിയൻ എന്ന പേര് എങ്ങനെ മാറ്റണം എന്നായിരുന്നു പീലി എപ്പോഴും ചിന്തിച്ചിരുന്നത്. ഈ ചിന്തയിൽ മുഴുകി ഉറങ്ങിയ പീലി ഒരു സ്വപ്നം കണ്ടു. സ്വപ്നം ഇതായിരുന്നു. പീലി ഒരു പുലർച്ചെ തടാകത്തിൽ നീന്തി കൊണ്ടിരിക്കുമ്പോൾ ഒരു മണ്ണിരയെ കണ്ടു. അത് പീലി ഒറ്റ ചാട്ടത്തിൽ പിടിച്ചു. പക്ഷേ അപ്പോഴേക്കും പീലിയെ ആരോ ഉയർത്തുന്നതായി പീലിക്ക് തോന്നി. പെട്ടെന്ന് അവൻ കുഞ്ഞു സ്ഥലത്തെ തെളിഞ്ഞ വെള്ളത്തിൽ എത്തി. പീലി മുകളിലോട്ട് നോക്കിയപ്പോൾ ഒരു മനുഷ്യമുഖം പീലിയെ നോക്കുന്നത് കണ്ടു. അപ്പോൾ പീലിക്ക് മനസ്സിലായി. ഞാൻ കെണിയിൽ അകപ്പെട്ടിരിക്കുകയാണ് എന്ന് . അങ്ങനെ പീലി ഭയത്തോടെ മുകളിലേക്ക് നോക്കി. മൂന്ന്ചിറകുകൾ കറങ്ങുന്നതായി പീലി കണ്ടു. കൂടാതെ മുകളിൽനിന്ന് കാറ്റും വരുന്നുണ്ടായിരുന്നു. പക്ഷേ അത് പീലിക്ക് എന്താണെന്ന് മനസ്സിലായില്ല. അപ്പോൾ കുട്ടികളുടെ കലപില ശബ്ദങ്ങൾ പീലി കേട്ടു. അൽപ സമയത്തിനുശേഷം അവിടം ആകെ നിശബ്ദത പടർന്നു. പിന്നീട് പീലിയെ ഒരു ഗ്ലാസ് പാത്രത്തിലേക്ക് മാറ്റി. അപ്പോൾ പീലി ചുറ്റും കണ്ണോടിച്ചപ്പോൾ കുറേ കുട്ടികളെയും ഒരു

മനുഷ്യനെയും പീലി കണ്ടു. അപ്പോഴും പീലിയുടെ ഉള്ളിൽ കത്തി നീറുകയായിരുന്നു . അത്രക്കും പീലി പേടിച്ചിരുന്നു. പെട്ടെന്ന് ആ മനുഷ്യൻ കുട്ടികളോട് പറയുന്നത് കേട്ടു. പീലി പറയുന്നതെല്ലാം ശ്രദ്ധിച്ചു കേട്ടിരുന്നു. അവസാനം പറഞ്ഞത് ഇതായിരുന്നു. നാളെ എല്ലാവരും സ്കൂളിൽ വരുമ്പോൾ മലയാള പുസ്തകം കൊണ്ടുവരണം എന്ന്. അപ്പോൾ കുട്ടികളെല്ലാം ഉച്ചത്തിൽ പറഞ്ഞു' താങ്ക്യൂ സർ'. അപ്പോൾ ആ മനുഷ്യൻ ക്ലാസ്സിൽ നിന്ന് പോയി. പീലി അവർ പറഞ്ഞ പറഞ്ഞതൊന്ന് കണ്ണിൽനിന്നും കണ്ണുനീര് ഒലിച്ചിറങ്ങി. അതു ആലോചിച്ചുനോക്കി. പിന്നെ അവന് മനമനം ഉണ്ടായപ്പോൾ പീലി തൻറെ ഭാര്യ നീലി യോട് സ്വപ്നത്തെ കുറിച്ച് സ്സിലായി. ഇത് സ്കൂൾ ആണെന്നും അദ്ധ്യാപകൻ ആയിരിക്കും അത് കണ്ണ് തുറന്നു. അപ്പോൾ പീലിക്ക് മനസ്സിലായി ഇതൊരു സ്വപ്നമായിരുന്നു എന്ന്. പീലി ആ ശത്തേക്ക് നോക്കിയപ്പോൾ ആകാശം പൊട്ടിക്കരയുകയായിരുന്നു. മഴക്ക് കുറപറഞ്ഞതെന്നും. പെട്ടെന്ന് പീലിയുടെ മുഖത്തെ വെള്ളത്തുള്ളി വീണപ്പോൾ പീലികാച്ച് ശഎല്ലാം പറഞ്ഞു. നീലി എല്ലാം ശ്രദ്ധിച്ച് കേട്ടിരുന്നു. ഈ സ്വപ്നത്തെ കുറിച്ച് ചിന്തിച്ചിരുന്ന പീലിക്ക് ഒരു ഉപായം തോന്നി. ഈ തടാകത്തിൽ മീൻ കുഞ്ഞുങ്ങൾക്ക് അതുപോലെ ഒരു സ്കൂൾ തുടങ്ങിയാൽ തന്നെ പീലി മാഷെന്ന് വിളിച്ചിരിക്കും. പീലി ഇത് നീലിയോട് പറഞ്ഞു. നീലിയും അതിന് സമ്മതം അറിയിച്ചു. പീലി തൻറെ ആഗ്രഹം മാക്രോ തവളയോട് പറഞ്ഞു. തവള പറഞ്ഞു' പീലി നല്ലൊരു കാര്യമാണ് കുട്ടികൾക്ക് അറിവ് നേടിക്കൊടുക്കുക എന്നത്. നീ മറ്റ് മീനുകളോട് എല്ലാം സംസാരിക്ക്. പീലി എല്ലാ മീനുകൾക്കും ഒരു കൂടിക്കാഴ്ച സംഘടിപ്പിച്ചു. അങ്ങനെ എല്ലാവരോടും കാര്യം അവതരിപ്പിച്ചു. എല്ലാവരും പൂർണ്ണസമ്മതം അറിയിച്ചു. പിന്നീട് പീലി മീൻ കുഞ്ഞുങ്ങൾക്കായി സ്കൂൾ തുടങ്ങി. പീലി സ്വപ്നത്തിൽ കേട്ട എല്ലാ അറിവുകളും കുഞ്ഞു മീനുകളോട് പറഞ്ഞു കൊടുത്തു. കൂടാതെ ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗനിർദ്ദേശവും നൽകി. എല്ലാ മീൻ കുഞ്ഞുങ്ങളും സന്തോഷത്താൽ തുള്ളിച്ചാടി. അങ്ങനെ പീലിയുടെ സ്കൂൾ നല്ലരീതിയിൽ നിലനിന്നു. പീലിയുടെ" തടിയൻ പീലി" എന്ന പേര് എല്ലാവരും മറന്നു. എല്ലാവരും പീലിയെ ബഹുമാനത്തോടെ പീലി മാഷേ എന്നുവിളിച്ചു. പീലിയുടെ കണ്ണിൽനിന്നും കണ്ണുനീര് ഒലിച്ചിറങ്ങി. അതു സന്തോഷത്തിൻറെ കണ്ണുനീരായിരുന്നു.

**********

# നിത്യ വസന്തം

രോഹിത്ത് വിജയ്.വി . കെ ,9A

നീലയാം വാനിന്റെ താഴെയായി നീയൊരു.............

പച്ച വിരിപ്പ് വിരിച്ചപ്പോൾ തോന്നിടും................

ജീവജാലങ്ങളും തെന്നലും മഞ്ഞുമായി...........

എന്നും നിന്മേനി തഴുകിടുമ്പോൾ.....................



പുലർകാല സൂര്യൻറെ തേജസ്സും......................

ഭംഗിയും ഏന്തി നീ എന്നും

നിലകൊള്ളണേ....................

പൗർണമി രാവിലെ നിലാവിൻറെ ശോഭ

പോലുള്ള നിൻ ഭംഗി നീ കാത്തിടേണേ

ആര് എന്ത് ചെയ്താലും എന്തു നീ

ചെയ്താലും.......................

അന്ത്യമാം നിൻ മടിയിൽ തല ചായ്ക്കുമേവരും.....................

അമ്മതൻ മടിത്തട്ടിൽ എന്നപോലെ........................

പെറ്റമ്മതൻ മടിത്തട്ടിൽ എന്നപോലെ.........................

# വായന


നീതു . ടി, 9A

ഒരു മനുഷ്യന് ശരീരത്തിന്റെ വളർച്ച ഏറ്റവും പോഷകകരമായ ആഹാരത്തിലൂടെ സാധ്യമാകുന്നു. എന്നാൽ വ്യക്തിക്ക് മാനസിക വളർച്ച ഉണ്ടാവുന്നത്, വായനയിലൂടെയാണ്. വായന ഒരാളെ പൂർണനാക്കുന്നുവെന്ന് ഫ്രാൻസിസ് ബേക്കൺ പറഞ്ഞിട്ടുണ്ട്. വായനയിലൂടെ ഒരാളുടെ ചിന്തയെയും മനസിനെയും വളർത്താൻ ,സാധിക്കുന്നു . മഹാന്മാരുടെ ജീവിതം പരിശോധിച്ചാൽ അവയിലെല്ലാം തന്നെ വായന വളരെ വലിയ പങ്കുവഹിച്ചിരുന്നു എന്ന് മനസ്സിലാക്കാം. വായന അറിവിന്റെ വിശാലമായ വാതായനമാണ് നമുക്ക് മുന്നിൽ തുറന്നു നൽകുന്നത്. നമ്മുടെ മനസ്സിൽ അറിവിന്റെ വസന്തം തീർക്കാൻ വായനക്കാകും. നമുക്ക് വായിച്ചു വളരാം ചിന്തിച്ച് വിവേകം നേടാം.



# കാട്ടുപൂവ്

Collected by:
ജി .ഷൺമുഖ സുന്ദരം ,9.A



ചിതറിത്തെറിക്കുന്ന ചിന്തകളിൽ എപ്പോഴും

ഈ പുഞ്ചിരി ഒന്നു മാത്രം

മഴവില്ലുപോലെ നീ...... മനസ്സിൽ തെളിയുമ്പോൾ

ഉണരുന്നു എന്നിൽ മോഹങ്ങളും,

കൃഷ്ണ തുളസിക്കതിർ തുമ്പ മോഹിക്കും

നിന്റെ വാർമുടി ചുരുളിൽ എത്താൻ

പൂജയ്ക്ക് എടുക്കാത്ത പൂവായ ഞാനും


മോഹിച്ചിരുന്നു നിന്നരികിലെത്താൻ

മണമില്ല മധുവില്ല മഴവില്ല് പൂജക്ക് എടുക്കില്ല

താനെ വളർന്ന ഒരു കാട്ടുപൂവാണ് ഞാൻ.......

വിടരും മുൻപേ പൊഴിയുന്ന ഇതളുള്ള
പൂജയ്ക്കെടുക്കാത്ത കാട്ടുപൂവാണ് ഞാൻ.....
ഇഷ്ടമാണെന്ന് ചൊല്ലുവാൻ വേണ്ടി
നിത്യവും നിൻ മുമ്പിലെത്തി ഇടുമ്പോൾ
നിന്റെ കൊലുസ്സിൻ നാദങ്ങളിൽ ഞാൻ
താനേ താനേ മറന്നൊന്നും നിന്നിടുമ്പോൾ
ഒന്നും പറയാതെ അറിയാതെ പോയിടുന്നു
ഇഷ്ടമല്ലെന്ന് ഒരു വാക്ക് നീ ചൊല്ലിയാൽ
വ്യർത്ഥമായി പോകുമെൻ ജീവിതം
നീ നടക്കും വഴിയോരത്ത് എന്നെ
കണ്ടാൽ ചിരിക്കാതെ പോകരുതേ
നിന്റെ ഈ പുഞ്ചിരി മാത്രം മതി
എനിക്ക് ഇനിയുള്ള കാലം കാത്തിരിക്കാൻ

********



# ലഹരി

മുഹമ്മദ് ഷുഹൈബ്.പി, 9A



പുരാണങ്ങളിൽ സോമരസം എന്നറിയപ്പെട്ടിരുന്ന മദ്യമടക്കമുള്ള ലഹരി വസ്തുക്കൾ ഇന്ന് മനുഷ്യകുലത്തെ തന്നെ കാർന്നു തിന്നുന്ന ക്യാൻസറായി മാറികയിഞ്ഞിരിക്കുന്നു. ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുകൊണ്ട് ധാരാളം ശാരീരിക മാനസിക പ്രശ്നങ്ങൾ ഉണ്ടാകുന്നു. കുടുംബത്തിന്റെ തകർച്ചയ്ക്ക് വരെ ലഹരി അടിമത്തം കാരണമാകുന്നു. ത്രോംബോസിസ്,ബ്രോങ്കൈറ്റിസ്,പാർക്കിൻസൺ,തുടങ്ങി ഒരുപാട് രോഗങ്ങൾ ഉണ്ടാവുന്നു. ലഹരിയുടെ വ്യാപനം തടയാൻ ഒരുപാട് നിയമങ്ങൾ ഇന്ന് നിലവിലുണ്ട്. NDPS ആക്ട്, ചാരായനിരോധന നിയമം തുടങ്ങിയവ അതിൽ പ്രധാനപ്പെട്ടതാണ്. നല്ലൊരു സമൂഹത്തെ വാർത്തെടുക്കാൻ ലഹരിയുടെ വ്യാപനം തടഞ്ഞേ മതിയാവൂ. അതിനായി നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം.

******


# സ്ത്രീ

അദിൽ അമാസ്.പി ,9A



സമൂഹത്തിൽ ഏറ്റവും പ്രാധാന്യം നൽകേണ്ടത് സ്ത്രീകൾക്കാണ്. നാം അവളെ വാക്കുകൊണ്ടോ നോക്കുകൊണ്ടോ നോവിക്കാൻ പാടില്ല. എന്നാൽ ഇന്നത്തെ സമൂഹം അവളെ ആക്രമിക്കുകയാണ്. അവളുടെ കഴിവുകളെ അടുക്കളയിലൊതുക്കാൻ നാം ശ്രമിക്കുന്നു. എന്തിരുന്നാലും തന്റെ ആവിശ്യം സമൂഹത്തിനുണ്ടെന്ന് മനസ്സിലാക്കി പല സ്ത്രീകളും പണ്ടുമുതലെ സമൂഹത്തിലേക്ക് ഇറങ്ങി ചെന്നിരുന്നു. സരോജിനി നായിഡു, ഇന്ധിരാഗാന്ധി, ടെസ്സി തോമസ്, മലാല യൂസുഫ് സായി തുടങ്ങീ അനവധി വനിതകൾ ലോകത്ത് തങ്ങളുടെ കഴിവുകൾ തെളിയിച്ചവരാണ്. അടുക്കളയിൽ നിന്ന് അരങ്ങത്തേക്കുള്ള അവളുടെ കുതിച്ചു ചാട്ടം പോരായ്മകളിൽ നിന്ന് ഉന്നതികളിലേക്ക് വിജയക്കൊടി പാറിക്കുന്നതാകട്ടെ.

********



***Jyothsna 8B***




***Jyothsna 8B***

## ബുദ്ധിമാനായ കുറുക്കൻ

ഉനൈസുദ്ധീൻ.പി , 9A




പണ്ട് ഒരു കാട്ടിൽ ദുഷ്ടനായ ഒരു പുലി ഉണ്ടായിരുന്നു. കാട്ടിലുള്ള മൃഗങ്ങൾക്കെല്ലാം അവനെ പേടിയായിരുന്നു. അവന് വിശക്കുമ്പോൾ ആദ്യം ആരെ കാണുന്നുവോ അവനെ ഭക്ഷണമാക്കും. മൃഗങ്ങളെല്ലാം ഒരുമിച്ച് കൂടി ദുഷ്ടനായ ആ പുലിയെ കൊല്ലാൻ തീരുമാനിച്ചു. കുറുക്കൻ പറഞ്ഞു: ഞാനൊരു സൂത്രം പറയാം, നമുക്ക് ഒരു കുഴികുഴിച്ച് അവനെ അതിൽ വീഴ്ത്താം. മുയൽ പറഞ്ഞു: എങ്ങനെ? അവൻ വീഴുമോ? കുറുക്കൻ പറഞ്ഞു: നിങ്ങൾ എന്റെ കൂടെ നിന്ന് തന്നാൽ മതി. അവരെല്ലാവരും കൂടി ഒരു ആഴമുള്ള കുഴി കുഴിച്ചു. അതിനുമുകളിൽ ചുള്ളിക്കൊമ്പുകൾ വച്ച് ഇലകൾ ഇട്ടു. പിന്നീട് കുറുക്കൻ പുലിയുടെ ഗുഹയിലേക്ക് പോയി. പുലി വിശന്ന് നില്ക്കുകയായിരുന്നു. കുറുക്കനെ കണ്ടപ്പോൾ പുലിക്ക് സന്തോഷമായി. പുലി കുറുക്കന്റെ അടുത്തേക്ക് വന്നുകൊണ്ടിരിന്നു. കുറക്കൻ വേഗം കുഴികുഴിച്ച സ്ഥലത്തേക്ക് ഓടി പിറകെ പുലി വേഗത്തിലും. കുറുക്കൻ കുഴിയുടെ മുകളിലൂടെ ചാടി.കുഴിയുണ്ടെന്നറിയാത്ത പുലി അതിൽ വീണു. മൃഗങ്ങൾക്കെല്ലാം സന്തോഷമായി. ദുഷ്ടനായ ആ പുലി വിശന്ന് ചാവുകയും ചെയ്തു. പിന്നീട് എല്ലാവരും കൂടി ആലോചിച്ച് കുറുക്കനെ രാജാവാക്കി.

# CITY OF PALACES

നീതു.ടി 9.A



I have an opportunity to go Mysore. I know lot of things about Mysore from my readings. When I reached Mysore, I covinced that my reading experiences about Mysore extremely truth. First of all a I reached “ST. Philomina church”. It is good example or British architecture. when I reached the “my sore palaces”. I think that i standing upon a world of fantasy. The interior works of Mysore palace impressed me. When i reached “Brindhavan garden”.The natural beauty and light show of the Brindhavan garden brought me joy. Then i reached “Chamundes wari temple” the chamundeswari temple was a wonderful site. Mysore's journey was a good experience.

## അഴക് നിറഞ്ഞ പ്രകൃതി

ദിയ ഫെമിൻ.പി , 9A



പാടത്ത് പച്ചപ്പ് നൽകി നിറഞ്ഞുനിൽക്കുമീ കതിരുകൾ............

തൊടിയിലും മറ്റും കിടക്കുമീ പുഷ്പങ്ങൾ ചുറ്റിനും അലങ്കാര മേകും............

മലനിരകളിലൂടെ ഒഴുകുമീ ചെറു തോടുകളും അരുവികളും............

നിറഞ്ഞുനിൽക്കുന്ന ഈ കുളങ്ങളും............

മനുഷ്യന് കുളിർമ നൽകുമീ അഴക് നൽകുമീ മഴയും മഴവില്ലും............

മഴയോടൊപ്പം ആയി ഞെട്ടിക്കുന്ന ഇടിയും മിന്നലും............

മലനിരകളുടെ താഴ്വരയിൽ മേഞ്ഞുനടന്ന മനോഹരമാക്കുമീ............

പശുക്കളും ആടുകളും മറ്റും............

മനസിന് ഉന്മേഷം നൽകുമീ പ്രഭാത സമയങ്ങളിലെ............

കൊച്ചുകിളി മക്കളുടെ മധുരഗാനം കഴിഞ്ഞ് ശബ്ദങ്ങൾ............

*******

# ദേശീയ പതാക

*നീതു.ടി* **9A**



ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണസഭ നമ്മുടെ ദേശീയപതാകയുടെ മാതൃക അംഗീകരിച്ചത് പഞ്ജൂലൈ നാണ്. പതാകയുടെ നീളവും വീതിയും 3:2 എന്ന അനുപാതത്തിലാണ്. പതാകയിൽ മൂന്ന് നിറമുണ്ട് മുകളിൽ കുങ്കുമം; താഴെ പച്ച നടുവിൽ വെള്ള. വെളുത്ത ഭാഗത്ത് മധ്യത്തിലായി നീല നിറത്തിൽ 24 അരക്കാലുള്ള അശോകചക്രം ചിത്രീകപ്പെട്ടിരിക്കുന്നു.


# കുമാരനാശാൻ

ശഹാന.പി 9A



മലയാള സാഹിത്യത്തിലെ ആധുനിക കവിത്രയങ്ങളിൽ ഒരാളായ കുമാരനാശാൻ 1873 ഏപ്രിൽ പന്ത്രണ്ടിന് തിരുവനന്തപുരത്ത് കായി കരയിലാണ് ജനിച്ചത്. കുമാരനാശാൻറെ മാതാപിതാക്കൾ നാരായണൻ , കാലി എന്നിവരായിരുന്നു. സ്നേഹ ഗായകൻ , ആശയഗംഭീരൻ എന്നി വിശേഷങ്ങൾ അരിയപ്പെട്ട കവിയാണ് കുമാരനാശാൻ 1921 ആലുവയിൽ അദ്ദേഹം യൂണിയൻ ടൈൽ വർക്സ് ആരംഭിച്ച . കുമാരനാശാന് മഹാ പദവി നൽകിയത് 1922 മദ്രാസ് യൂണിവേഴ്സിറ്റിയിൽ ആണ്. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ഖണ്ഡകാവ്യം കുമാരനാശാൻറെ വീണ പൂവാണ് വിചിത്ര വിജയം , മൃത്യുഞ്ജയം എന്നിവ അദ്ദേഹം രചിച്ച നാടകങ്ങളാണ്. കുട്ടികൾക്ക് വേണ്ടി അദ്ദേഹം എഴുതിയ പുസ്തകമാണ് പുഷ്പവാടി. പിന്നെ ലീല , വർണ്ണമാല , മണിമാല , ഗ്രാമ വൃക്ഷത്തിലെ കുയിൽ , സിംഹ പ്രസവം , സങ്കര ശകതം എന്നിവ അദ്ദേഹത്തിൻറെ പ്രധാന കൃതികളാണ്. 1924 ജനവരി പതിനാറിന് പല്ലനയാറിൻ നടന്ന ബോട്ട് അപകടത്തിലാണ് പ്രശസ്തമായ കവി കുമാരനാശാൻ അന്തരിച്ചത്.

******



**ഉനൈസുദ്ധീൻ.പി , 9A**

# ജ്ഞാനം



രോഹിത് വിജയ്,9A

വിദ്യയെന്ന സാഗരത്തിൽ

നീരാടിടുന്ന വിദ്യാർത്ഥികൾ

നാളെതൻ തലമുറയാണവർ

ലോകത്തിൻ വാഗ്ദാനങ്ങൾ

വിദ്യ അറിഞ്ഞിരിക്കുന്നവർ മാത്രം

വിദ്യാർത്ഥി എന്ന നാമത്തിനർഹർ

പാഠത്തിൻ സ്ഥാനങ്ങളിൽ മാത്രമല്ല

നാളയതിൻ നല്ല മനുഷ്യനാകണം

കളി ചിരിയാം അധ്യായന വർഷങ്ങൾ

ചോർന്ന മഴകൾ മാത്രമാകുന്ന

വിദ്യ എന്ന പേരുള്ള ആധനം

സർവ്വധനാൽ പ്രധാനമാകണം

വിദ്യ എന്നത് രണ്ടക്ഷരമല്ല

ജീവിതത്തിൽ പൂർണ്ണ രൂപമാകുന്നത്

വിദ്യയാം സാഗരത്തിൽ അറിഞ്ഞു

നാം നീരാടണം

# അമ്മ

ദിയ ഫെമിൻ.പി , 9A



അമ്മതൻ മടിത്തട്ടെനിക്ക്
സ്വർഗം.............
അമ്മതൻ സ്നേഹം
അമൃതമാണെന്നെനിക്ക്....
അമ്മതൻ മിഴികൾ സ്നേഹക്കടലായ്
പ്രവഹിക്കുമ്പോൾ;
ആ സ്നേഹമെൻ ജന്മത്തിൻ ആധാരം.
ആശ്രയം എന്നും എനിക്ക്
എൻപൊന്നമ്മ....
തേനായി ഒഴുകും പുഞ്ചിരി എന്നമ്മയിൽ...
കാണുമ്പോൾ എനിക്ക് കുളിർമയേകിടുന്നു..
അമ്മതൻ മടിത്തട്ടെനിക്ക് സ്വർഗം............
തണലായി എനിക്കെന്നും എൻ അമ്മ ........
അമ്മയാണെനിക്കെല്ലാം........................



# ലഹരി

ആദിൽ അമാസ്



മനുഷ്യാ.......നീ  ഉപയോഗിക്കാതിരിക്കു ;
അപകടകാരിയായ ലഹരിയെ....
അമിതമായ ലഹരി ഉപയോഗം;
പല രോഗങ്ങളും നിനക്ക്
സമ്മാനിക്കും.
ലഹരി സമ്മാനിക്കുമീ രോഗങ്ങൾ ;
നിന്നെ മരണത്തിലേക്ക് നയിക്കും
ലഹരി ഉപയോഗം ;
നിൻ കുടുംബത്തെ
ദുരിതത്തിലാക്കും.
പിന്നെ, നിൻ മരണവും ;
കുടുംബത്തെ ദുഃഖിതരാക്കും.
മനുഷ്യാ....... നീ ഉപേക്ഷിക്കു ;
ദുരിതത്തിലേക്കു നയിക്കുമീ
ലഹരി ഉപയോഗം.
സൂക്ഷിക്കണം നമ്മൾ ലഹരിയെ.......

# മരിക്കുന്ന മലയാളം




മുഹമ്മദ് റംഷാദ്.ഇ.കെ,9A

ഞാനാണ് മലയാളം , എന്റെ ആ മാധുര്യം
എന്നിലെ ആ സത്യം മരിക്കുന്നു
ഞാൻ പോലുമറിയാതെ.......
അന്യഭാഷകൾ തൻ കൈപ്പിടിയിലൊതുങ്ങി
ചുരുങ്ങി പോകും എൻ ജീവനെ
മാറോട് ചേർത്ത് രക്ഷിക്കാൻ
ദൈവത്തിൻ നാടായ കേരളം ഉണ്ട്
ആ നാടിൻ നാട്ടുകാർ മറക്കില്ലെന്നെ
മരിക്കില്ല ഞാനീ മലയാളം ഭൂമിയിൽ
അഥവാ ഞാൻ മരിച്ചാലും എന്നുടെ
പൊൻ കീർത്തി ഈ നാടിൻ അഭിമാനമായി മാറും

**********

# മലിനമായ പ്രകൃതി



മാലിന്യ സംഭരണിയാണ് ഇന്ന് ഭൂമി

മാലിന്യവിമുക്തം അല്ല ഇന്ന് ഭൂമി

സുന്ദരമല്ല പ്രകൃതിയും ഇന്ന്.

സുന്ദരമാം പ്രകൃതി ഭൂതകാലത്ത്

സ്വപ്നം ആയിരിക്കവേ ; മലിനമാം പ്രകൃതി

വർത്തമാനത്തിലും ഭാവിയിലും

ഭാവിയിൽ പ്രകൃതി മാലിന്യവിമുക്ത ആകവേ എന്ന് ;

സ്വപ്നത്തിൽ ദർശിച്ചിടാം നിത്യവും ,

വേണ്ട വേണ്ട , ഇനി നമുക്ക് വേണ്ട ;

മലിനമായ പ്രകൃതി .........

വേണം വേണം , നമുക്ക് വേണം.

മാലിന്യവിമുക്തമാം പ്രകൃതി.

നദികൾ , പുഴകൾ , മറ്റ് ജലാശയങ്ങൾ

മലിനവും പ്ലാസ്റ്റിക് കൂമ്പാരം ആകുന്നു.

മാലിന്യ വിമുക്തമാം പ്രകൃതി കണ്ടിട്ട് എത്ര നാളായി..................

*********



# ഒരുമയിലുണർന്ന കേരളം

നീതു . ടി, 9A

"നൊമ്പരമെഴുതിയ മഴയെ.........

കരയിൽ കണ്ണീർ കടലാടിയ മഴയെ...."

"കുത്തിയൊഴുകുന്ന മലവെള്ളപ്പാച്ചിലിൽ

ഉയരുന്ന മർത്യന്റെ നിലവിളിയും"



മഹാപ്രളയം മലയാളിക്ക് നൽകിയ കണ്ണീർ ഓർമ്മകൾ ഈ വരികളിൽ വ്യക്തമാണ്. രാജ്യം 72-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ കേരളത്തിന്റെ ആകാശത്ത് ആശങ്കയുടെ നിഴൽ വീണിരുന്ന കഴിഞ്ഞ ആഗസ്റ്റ് 2-ാം വാരത്തോടെ കുടി കുളിർ തെന്നലിന്റെ സുഖമുള്ള മഴയോർമ്മകൾ മനസ്സിൽ സൂക്ഷിച്ച മലയാളി കണ്ടത് മഴയുടെ രൗദ്രഭാവം നൂറ്റാണ്ടിലെ മഹാപ്രളയം. ഇക്കൊല്ലം ലോകം കണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തം കേരളക്കരയെ ഞെട്ടിച്ച മഹാപ്രളയം ആണെന്ന് ലോക കാലാവസ്ഥാ സംഘടനയുടെ റിപ്പോർട്ട് പറയുന്നു. മനുഷ്യ സമൂഹത്തിന്റെ ചരിത്രങ്ങൾ ഇത്രമേൽ ആവേശകരമായി രിക്കുന്നത് അത് അതിജീവനത്തിന്റെ മഹാ ഗാഥകൾ കൂടി ആയതുകൊണ്ടാണ് ഉറ്റവരെ നഷ്ടപ്പെട്ടത് കൊണ്ടുള്ള നിത്യ ദുഃഖവും ഒരായുസ്സ് കൊണ്ട് സ്വരൂപിച്ച കൂട്ടിയത് എല്ലാം ഇല്ലാതെയാ ദുരിതവും സൃഷ്ടിച്ച ആഗസ്റ്റിലെ പ്രളയം, ഏത

കണ്ണീർ പ്രവാഹത്തിനു മീതെ ഉയർന്നുനിൽക്കുന്ന കൂട്ടായ്മയുടെ കരുത്തിന്റെ അടയാളപ്പെടുത്തൽ തന്നെയായിരുന്നു . കുത്തിയൊലിച്ചു വന്ന പ്രളയജലം ലോകത്തിലെ മറ്റിടങ്ങളിലെ പോലെ ജനപദങ്ങൾ തുടച്ചുനീക്കിയോ ആളുകളെ ചിന്നഭിന്നമാക്കി പലായനം ചെയ്യുകയോ ആയിരുന്നില്ല. പകരം ഒരുമിപ്പിക്കുക യായിരുന്നു.

തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ' എന്ന കവിതയ്ക്ക് ആധാരമായി മാറിയ 99 ലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയമാണ് ഇതിനു മുമ്പുണ്ടായ മഹാപ്രളയം 94 കൊല്ലം മുമ്പ് സംഭവിച്ച കേരള രൂപീകരണത്തിന് മുമ്പുള്ള പ്രളയത്തേക്കാൾ മാരകമായ വിപത്തുകളാണ് ഇക്കഴിഞ്ഞ പ്രണയം കേരളീയർക്ക് സമ്മാനിച്ചത് മുല്ലപ്പെരിയാർ അണക്കെട്ട് മാത്രമാണ് മലവെള്ളത്തെ തടഞ്ഞുനിർത്താൻ ആയി . 1024-ൽ കേരളത്തിനും തമിഴ്നാടിനും ഇടക്ക് ഉണ്ടായിരുന്നെങ്കിൽ ഇന്ന് 44 നദികളിൽ ആയി 39 ഓളം അണക്കെട്ടുകൾ ഉണ്ട്. ഒറ്റയടിക്ക്സംഭവിച്ച മഹാ പേമാരിയും അണക്കെട്ടുകൾ തുറന്നു വിട്ടതും കാരണം കേരളത്തിന്റെ നാലിലൊന്ന് പ്രദേശം വെള്ളത്തിനടിയിൽ അമർന്നു. ഏകദേശം അമ്പതിനായിരത്തോളം കോടി രൂപയുടെ നഷ്ടവും ഒരുപാട് ജീവനും ഇല്ലാതായി. കൃഷി, വ്യവസായം, കച്ചവടം ,സർക്കാർ സ്ഥാപനങ്ങൾ എന്നിവക്ക് ഉണ്ടായ നഷ്ടം വിവരണാതീതമാണ്.

പ്രളയത്തിൽ മുങ്ങിയ സ്വന്തം നാടിനെ കൈ പിടിച്ചു ഉയർത്താൻ കടലിൻറെ മക്കൾ വന്നെത്തി. പിന്നാലെ ഓപ്പറേഷൻ മദദ്ദം, സഹ്യോഷം, ഓപ്പറേഷൻ ജലരക്ഷയും, പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ ഭേദമില്ലാതെ നിരവധി ആളുകളും എത്തി. അങ്ങനെ അത് ലോകം ഇതുവരെ കാണാത്ത വൻ രക്ഷാപ്രവർത്തനം ആയിമാറി.കേരളക്കരയെ സംരക്ഷിമഹാപ്രളയം മലയാളിക്ക് നൽകിയ കണ്ണീ ഓർമ്മകൾ ഈ വരികളിൽ വ്യക്തമാണ്.

രാജ്യം 72-10 സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ കേരളത്തിന്റെ ആകാശത്ത് ആശങ്കയുടെ നിഴൽ വീണിരുന്നു കഴിഞ്ഞ ആഗസ്റ്റ് 2-10 വാരത്തോടെ കുടി കുളിർ തെന്നലിന്റെ സുഖമുള്ള മഴയോർമ്മകൾ മനസ്സിൽ സൂക്ഷിച്ച മലയാളി കണ്ടത് മഴയുടെ

രൗദ്രഭാവം നൂറ്റാണ്ടിലെ മഹാപ്രളയം. ഇക്കൊല്ലം ലോകം കണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തം കേരളക്കരയെ ഞെട്ടിച്ച മഹാപ്രളയം ആണെന്ന് ലോക കാലാവസ്ഥാ സംഘടനയുടെ റിപ്പോർട്ട് പറയുന്നു. മനുഷ്യ സമൂഹത്തിന്റെ ചരിത്രങ്ങൾ ഇത്രമേൽ ആവേശകരമായി രിക്കുന്നത് അത് അതിജീവനത്തിന്റെ മഹാ ഗാഥകൾ കൂടി ആയതുകൊണ്ടാണ് ഉറ്റവരെ നഷ്ടപ്പെട്ടത് കൊണ്ടുള്ള നിത്യ ദുഃഖവും ഒരായുസ്സ് കൊണ്ട് സ്വരൂപിച്ച കൂട്ടിയത് എല്ലാം ഇല്ലാതെയാ ദുരിതവും സൃഷ്ടിച്ച ആഗസ്റ്റിലെ പ്രളയം, ഏതു കണ്ണീർ പ്രവാഹത്തിനു മീതെ ഉയർന്നുനിൽക്കുന്ന കൂട്ടായ്മയുടെ കരുത്തിന്റെ അടയാളപ്പെടുത്തൽ തന്നെയായിരുന്നു . കുത്തിയൊലിച്ച വന്ന പ്രളയജലം ലോകത്തിലെ മറ്റിടങ്ങളിലെ പോലെ ജനപദങ്ങൾ തുടച്ചുനീക്കിയോ ആളുകളെ ചിന്നഭിന്നമാക്കി പലായനം ചെയ്യുകയോ ആയിരുന്നില്ല. പകരം ഒരുമിപ്പിക്കുക യായിരുന്നു.

പ്രളയകാലം തിരിച്ചറിവുകളുടെ ഏത് കൂടിയായിരുന്നു ജാതിയുടെയും മതത്തിന്റെയും പണത്തിന്റെയും അതിർവരമ്പുകൾ ഇല്ലാതായി. പെട്ടവനും പണക്കാരനും ഒരു പാത്രത്തിൽ നിന്നു കഴിച്ച പ്രവേശനമില്ല എന്ന് എഴുതിയ ബോർഡുകൾ പ്രളയമെടുത്തു. വിശപ്പിനേക്കാൾ വലുതല്ല ദുരന്തമാനെമെന്ന് തിരിച്ചറിഞ്ഞു. കേന്ദ്രസഹായവും വിദേശ സഹായവും എല്ലാം തർക്കവിഷയം ആണെങ്കിലും ഓഖിയെയും

നിപ്പയെയും നേരിട്ടത് പോലെ മഹാപ്രളയത്തെയും കേരളം ചങ്കുറ്റത്തോടെ നേരിടുകയാണ്. നവകേരള നിർമ്മിതികായി കേരളക്കരയെ സംരക്ഷിച്ച നിർത്തിയ സഹ്യനെ അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളിലൂടെയും മറ്റൊരു ഒരുപാട് വേദനിപ്പിച്ചു. പച്ച വിരിപ്പിട്ട സുന്ദരിയായ ഭൂമിയെ നാം കോൺക്രീറ്റ് കാടുകൾ കൊണ്ട് നിറച്ചു. അപ്പോഴെല്ലാം മാധവ് ഗാഡ്ഗിൽ അടക്കമുള്ള പരിസ്ഥിതി ശാസ്ത്രജ്ഞരും മറ്റും നമുക്ക് മുന്നറിയിപ്പ് നൽകിയതാണ് പക്ഷേ മലയാളികൾ അതി ഗൗനിച്ചില്ല പക്ഷേ പ്രകൃതിയാകുന്ന അമ്മ നമുക്ക് തക്കതായ ശിക്ഷ നൽകുക തന്നെചെയ്തു. മഹാപ്രളയത്തിന്റെരൂപത്തിൽ.

# മരത്തെ സ്നേഹിച്ച പെൺകുട്ടി



മനോഹരമായ ഒരു ഗ്രാമത്തിൽ ഒരു കൊച്ചു വീട്ടിൽ ഒരു പാവം പെൺകുട്ടി താമസിച്ചിരുന്നു. അവളുടെ പേരാണ് ഫാത്തിമ. ഒരു ദിവസം അവളുടെ വീട്ടിലേക്ക് ഒരാൾ മാങ്ങ കൊണ്ടുവന്നു. അതിൽ ചിലത് കേടായിരുന്നു. അത് അവൾ അവളുടെ വീടിന് പുറക് വശത്തേക്ക് വലിച്ചെറിഞ്ഞു. അവിടെ അത് മുളക്കാൻ തുടങ്ങി. അതിനെ അവൾ എന്നും നോക്കി ഇരിക്കും,എന്നും അവൾ നനച്ചുകൊടുക്കും. മരം വലുതാവാൻ തുടങ്ങി. അവൾക്കത് വളരെ അധികം സന്തോഷമായി. ഒരു ദിവസം മരത്തിൻ ചുവട്ടിലിരിക്കുമ്പോൾ മരത്തിൽ കയറാൻ അവൾക്ക് ആഗ്രഹം ഉണ്ടായി. അങ്ങനെ മരത്തിൽ എങ്ങനെ കയറുമെന്ന് ചിന്തിച്ചിരുന്നു. ഒരു ദിവസം ആഗ്രഹം സഫലമായി. മരത്തിന്റെ പിറകിലെ മതിലിൽ കയറിയാണ് മരത്തിൽ കയറിയത്. പിന്നെ മരത്തിലെ താഴത്തെ കൊമ്പ് വലുതായപ്പോൾ അതിൽ കയറി. മരം അവളുടെ ഉറ്റ ചങ്ങാതിയായിരുന്നു. അവൾ എപ്പോഴും മരത്തിൽ കയറും. കളിക്കാനും പഠിക്കാനും ഉറങ്ങാനും അവളുടെ സന്തോഷങ്ങളും സങ്കടങ്ങളും മരത്തിനോട് പങ്കുവെക്കുമായിരുന്നു. അതിൽ ധാരാളം മാമ്പഴം പൂവിടാൻ തുടങ്ങി. അപ്പോൾ അവൾക്ക് സന്തോഷമായി. ആ സന്തോഷം സങ്കടമായിമാറി. അവളുടെ ഉമ്മ പറഞ്ഞു പൂവിടുമ്പോൾ മരത്തിൽ കയറിയാൽ പൂവ് കൊഴിയുമെന്ന്. അത് അവൾക്ക് വിഷമമായി. അവളുടെ സങ്കടങ്ങൾ മരത്തിനോട് പറയുമ്പോൾ മരം തന്നെ ആശ്വസിപ്പിക്കുന്നതു പോലെ അവൾക്ക് തോന്നാറുണ്ട്. പൂവ്

കായിക്കാൻ തുടങ്ങുമ്പോൾഅത് അവൾ ആവശ്യത്തോടെ കാത്തിരുന്നു. അത് കഴിഞ്ഞ് പൂവ് കായയായി മാറി. പിന്നെ പഴം പഴുത്തത് നോക്കാൻ എണീറ്റപാടെ മരത്തിന്റെ അടുത്തെത്തി പഴുക്കുന്നുണ്ടോ എന്ന് നോക്കും. പഴുത്താൽ എല്ലാവരും കൂടി കഴിക്കും. അത് നല്ല രസമാണ്. കളിക്കുമ്പോൾ കഴിക്കാൻ ഉപ്പിലിടുകയും ചെയ്തിരുന്നു. മഴ പെയ്യുമ്പോൾ പോലും മരത്തിൽ ഇരിക്കുമായിരുന്നു.ഉമ്മ വഴക്കു പറയുമ്പോൾ കുടയുമായി മരത്തിൽ ഇരിക്കും. കുറച്ചുകാലം അങ്ങനെ കഴിഞ്ഞപ്പോൾ അപ്പുറത്തെ തൊടിയിൽ നിന്നും മതിൽ മേൽ കൂടെ മരത്തിൽ കയറി പാമ്പ് വരാൻ തുടങ്ങി. പിന്നെ മതിലിൽ ചാരി മരം നിൽക്കുന്നത് കൊണ്ട് വീട്ടുകാർ മരം മുറിക്കാൻ തീരുമാനിച്ചു. അവൾ മുറിക്കാൻ സമ്മതിച്ചില്ല. ഒരു ദിവസം അവൾ വീട്ടിലില്ലാതിരുന്നപ്പോൾ മരം മുറിച്ചു. അവൾ ആ വിവരം അറിഞ്ഞപ്പോൾ അവൾക്ക് താങ്ങാൻ കഴിയുന്നതിനുമപ്പുറമായിരുന്നു. അവൾ മരത്തിന്റെ കൊമ്പുകൾ നോക്കി കരയാൻ തുടങ്ങി. ഉമ്മ അവളെ സമാധാനിപ്പിച്ചു"മോളെ നമ്മുടെ ജീവനല്ലെ വലുത്" അവൾ പറഞ്ഞു "ജീവികളും ഭൂമിയുടെ അവകാശികളാണ്". ഇപ്പോഴും ആമരത്തിന്റെ നല്ല ഓർമകൾ അവളുടെ മനസ്സിൽ തങ്ങി നിൽക്കുന്നു. ആ മരത്തിന്റെ കൊമ്പുകൾ അടുപ്പിൽ വിറകായി എരിയുമ്പോൾ അവളുടെ എരിയുന്നത് പോലെ അവൾക്ക് തോന്നി.

********

## അമ്മ

രോഹിത്ത് വിജയ്.വി . കെ ,9A



അമ്മക്കു പകരമായിട്ടമ്മ മാത്രം

എന്നുമീ മണ്ണിലവരശ്രുബിന്ദു

എന്നെന്നും പുഞ്ചിരിപ്പൂ നിലാവാണമ്മ,

അണയാത്ത ദിപത്തിൻ സാക്ഷിയാണ്

കേഴുന്ന കുഞ്ഞു തൻ ചുണ്ടിലൊരു തുള്ളി

മുലപ്പാൽ നൽകുന്നതമ്മ മാത്രം

തെറ്റൊന്നു ചെയ്താൽ പൊറുത്തൊരു മാപ്പുതന്നീ....

ടുന്നതെപ്പോഴും അമ്മ മാത്രം

അമ്മ തൻ ഹൃദയം പനിനീർപോൽ പരിശുദ്ധ...

മാകട്ടെ യോരോരോ മക്കളിലും

ആരൊക്കെയുണ്ടങ്കിലൊന്നുമേയാകില്ല,

അമ്മയുണ്ടെങ്കിലേ......പൂർണ്ണമാകു

വന്നു...ആ വിഷു ദിനം കണ്ടില്ലാ...വിഷുക്കണി

അമ്മ തൻ വേർപാടിന്റെ ആദ്യത്തെ വിഷുക്കണി

കാണവാൻ മോഹിച്ചീടും അമ്മ തൻ മുഖമപ്പോൾ

കിട്ടുവാൻ മോഹിച്ചീടും അമ്മ തൻ കൈനേട്ടവും

*അമ്മക്കു പകരമായിട്ടൊന്നുമേയില്ല മണ്ണിൽ*

*അമ്മിഞ്ഞപ്പാലാണിന്നുമേവനുമനുഗ്രഹം*

*അമ്മയുള്ളവരൊക്കെ ഒന്നുമേ ചിന്തിച്ചീടു...*

*ആ നഷ്ടം നികത്തുവാനാർക്കുമേ കഴിയില്ല*

*വാശിയും പകയുമേ...ഒന്നിനും പോം വഴിയായ്*

*കാണാതെ സ്നേഹിച്ചീടൂ...അമ്മ തൻ മനസ്സിനേ.....*

******

## ജീവിതം സാക്ഷി

രോഹിത് വിജയ്.വി കെ




ദിവസങ്ങൾ,ആഴ്ചകൾ,മാസങ്ങളായി

ഒഴുകുന്ന കാലമിതു നദികളെപോൽ

നാം ഉറങ്ങുമ്പോഴും നാം ഉണരുമ്പോഴും

അറിയുന്നില്ല നമ്മൾ ഈ നാടിനെ

കാക്കുന്ന പൊൻ മക്കളെ

തൻ പെറ്റമ്മപോൽ താൻ മാതൃ രാജ്യത്തിൻ

ധീരത കാക്കുന്നവർ വീരർ

ഇവരാണ് രാജ്യത്തിൻ രാജാക്കന്മാർ

വെയിലിലും മഴയിലും മകരത്തണുപ്പിലും

ചോരുന്നില്ലവരുടെ രാജ്യസ്നേഹം

ഈ രാജ്യത്തിൻ വിജയമതെന്ന ബോധം

വീടിനെ നാടിനെ തൻ കുടുംബക്കാരെ

എല്ലാം ത്യജിച്ചവർ ജീവിക്കുന്നു
അണയില്ലൊരിക്കലും ഇവരുടെ നെഞ്ചിലെ
രാജ്യസ്നേഹമെന്ന ഈ അഗ്നി
ഈ രാജ്യത്തിൻ ധീരാഗ്നി
ഒരിക്കലും വാടില്ലൊരീ വെയിലിൽ
കാര്യം ഇവരുടെ നെഞ്ചിലെ ഈ അഗ്നി
രാജ്യം മാതാവിന്റെ സ്നേഹമാണ്
ഇവരുടെ ജീവിതം നാളെതൻ മക്കൾക്കും
നമ്മളോരോർത്തർക്കും
വരദാനമാണിതു പ്രപഞ്ച സത്യം
യുദ്ധങ്ങളോരോന്ന് കഴിയുമ്പോഴും
പലധീരരീമണ്ണിൽ വീഴുമ്പോഴും
തോൽക്കില്ലൊരിക്കലും ഈ ധീരമക്കൾ
അതിന് ഇവരുടെ ജീവിതം സാക്ഷിയാണ്
അതിന് ഇവരുടെ ജീവിതം സാക്ഷിയാണ്...

*********



# വേടനും കിളിയും

ഷാജി മാസ്റ്റർ



കിളിയുടെ പാട്ട് കേട്ട്

വേടന്റെ മനസലിഞ്ഞു

വിരൽത്തുമ്പിൽ

പറന്നിറങ്ങി

കിളി ചോദിച്ചു

എന്നെ കൊണ്ടു പോവുമോ ?

കൂട്ടരില്ലാ ലോകത്ത്

എനിക്കൊരു കൂടെങ്കിലും മതി

സ്നേഹമില്ലാ മനസുകൾക്കിടയിൽ ഒരു നോട്ടമെങ്കിലും...

മനസാർദ്രമായി

മിഴി തുടച്ച്

മൗനം പൂണ്ട വേടൻ പിന്നെ തലോടുകയായിരുന്നു

തൂവലിൽ.... ഹൃദയത്തിൽ

*********

# മാതാപിതാക്കളോടുള്ള സ്നേഹം

*ആദിൽ അമാസ്*

പണ്ട് വളരെ അകലെ ഒരു ഗ്രാമത്തിൽ ഒരു പാവപ്പെട്ട കുടുംബം താമസിച്ചിരുന്നു. അവരുടെ വീട് വളരെ ചെറുതായിരുന്നു.ഒരു പാവം കർഷകനായിരുന്നു ആ വീടിന്റെ ഉടമസ്ഥൻ. കൃഷി ചെയ്യാൻ ഒരുഇത്തിരിസ്ഥലം മാത്രമേ അവർക്കുണ്ടായിരുന്നുള്ളു.ആ കൊച്ചുവീട്ടിൽ ആകെ നാലുപേ പേരെ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തിന് ഭാര്യയും രണ്ടു മക്കളും. മക്കൾ രണ്ടുപേരും ചെറിയവരാണ്. ഒരാൺകുഞ്ഞും ഒരു പെൺകുഞ്ഞും. അവർ കളിച്ചു നടന്നു. പെട്ടെന്ന് ഒരു ദിവസം അവരുടെ അമ്മയ്ക്ക് കഠിനമായ പനി സഹിക്കവയ്യാതെ അമ്മ കിടപ്പിലായി. അന്നേരം മക്കൾ രണ്ടുപേരും അമ്മയെയും അച്ഛനെയും സഹായിച്ചു. ആൺകുട്ടി അച്ഛനെ കൃഷിയിൽ സഹായിച്ചു. പെൺകുട്ടി ഭക്ഷണം ഉണ്ടാക്കാനും അമ്മയെ ശുശ്രൂഷിക്കാനും നിന്നു, വീട്ടുജോലി ചെയ്തു. അവർ രണ്ടുപേരും അമ്മയെയും അച്ഛനെയും സഹായിക്കുന്നതിന് കാരണം അവരോടുള്ള സ്നേഹമായിരിക്കും. പക്ഷേ ഗ്രാമത്തിൽ നിന്ന് വളരെ അകലെയുള്ള ഒരു നഗരത്തിലെ ഒരു ഫ്ലാറ്റിൽ ഇവരെ പോലുള്ള ഒരു നാലംഗ കുടുംബം താമസിച്ചിരുന്നു. അവർക്ക് പരസ്പരം ഒരു ബന്ധം എന്ന് പറയുന്നത്, ഇടയ്ക്കെപ്പോഴെങ്കിലും മാത്രം ഒന്നു പുറത്തുപോകുമ്പോൾ.അവിടുത്തെ ഗൃഹനാഥൻ ഒരു ബിസിനസ് മാൻ ആണ്. അമ്മയും ഒരു ബിസിനസ് വുമൺ ആണ്. കുട്ടികൾ ഒരു വലിയ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്നു. അച്ഛനും അമ്മയ്ക്കും കുട്ടികളെ നോക്കാൻ നേരമില്ല. ഒരുദിവസം അവരുടെ അമ്മക്ക് വയ്യാത്തപ്പോൾ ഒന്നു ശുശ്രൂഷിക്കാൻ പോലും കുട്ടികൾ അടുത്തില്ലായിരുന്നു. വീട്ടു ജോലിക്ക് ഒരു ഹോം നഴ്സിനെ വിളിക്കുകയാണ് ചെയ്തത്. ഈ വീട്ടിൽ കുടുംബബന്ധം തീരെയില്ല. കുട്ടികൾക്ക് പരസ്പരം സഹായ ബന്ധമില്ല. മാതാപിതാക്കളോട് സ്നേഹമില്ല അവർ അവിടെ ടെലിവിഷൻ കണ്ടു ഇരിക്കുകയായിരുന്നു. മാതാപിതാക്കൾക്ക് നന്മ ചെയ്യണം. അവരെ സ്നേഹിക്കണം.

## School Parliament Election conducted by Little Kites









# മാഗസിൻ സമിതി







thanks ....